**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2227** **12-02-2024 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (എ) | ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ, ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. രോഗികൾക്ക് ചികിത്സയും മരുന്നുകളും സൗജന്യമായാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത്. ഗുരുതര ശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി SWAAS (Step Wise Approach for Airway disease) എന്ന പേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 172 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടെത്തുന്നതിനുള്ള നോൺ-മൈഡ്രിയാടിക് (non-mydriatic) ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഡയബെറ്റിസ്, രക്താതിമർദ്ദം എന്നിവ നിയന്ത്രണ നിരക്കിൽ എത്തിക്കുന്നതിനുള്ള ഐ.എച്ച്.സി.ഐ. എന്ന പരിപാടി 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. നവകേരള കർമ്മ പദ്ധതി II ആർദ്രം മിഷൻ II ന്റെ ഭാഗമായി ആശാ പ്രവർത്തകർ ഗൃഹസന്ദർശനത്തിലൂടെ 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലീരോഗ ഹേതുക്കളുടെ ഒരു പര്യവേഷണം ഇ-ഹെൽത്ത് തയ്യാറാക്കിയ "ശൈലീ" എന്ന ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കി വരുന്നു. ജീവിത ശൈലീ രോഗങ്ങൾ വരാതെ ജനങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിന് ഓപ്പൺ ജിം എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ 25 ആശുപത്രികളിലേയ്ക്ക് വികസിപ്പിച്ചിട്ടുണ്ട്. വീടുകളിൽ വച്ച് തന്നെ ഡയാലിസിസ് ചെയ്യാൻ സാഹചര്യം |

ഒരുക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലും ആരംഭിച്ചു. പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

COPD അസുഖബാധിതരുടെ സ്ക്രീനിംഗും ചികിത്സയും (ശ്വാസ് പദ്ധതി), ഡയബറ്റിക്ക് റെറ്റിനോപ്പതി സ്ക്രീനിംഗും ചികിത്സയും (നയനമിത്രം), ഡയബറ്റിക് ഫുട്ട് ചികിത്സ (പാദസ്പർശം), പക്ഷാഘാത ചികിത്സയും പുനരധിവാസവും (Stroke Identification Rehabilitation Awareness and Stabilisation - SIRAS), ക്യാൻസർ മാനേജ്മെന്റ്, വൃക്കരോഗികൾക്കായുള്ള Continuous Ambulatory Peritoneal Dialysis (CAPD) ക്ലിനിക്കുകൾ, പാലിയേറ്റീവ് കെയർ പ്രോഗ്രാം, നവജാതശിശുക്കളുടെ ജന്മ വൈകല്യങ്ങൾ കണ്ടെത്താനുള്ള സമഗ്ര പരിശോധന എന്നിവ നല്ല രീതിയിൽ നടന്നുവരുന്നു.

സ്ത്രീകളിലും പുരുഷന്മാരിലും കുട്ടികളിലും അമിതവണ്ണം കൂടി വരുന്നതായി കണ്ടു വരുന്നതിന്റെ ഭാഗമായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പുകളും മരുന്നുവിതരണവും NCD ക്ലിനിക്കുകൾ വഴി നടന്നു വരുന്നു. ഇത് കൂടാതെ കേരള ഗവൺമെന്റ് ഫാറ്റ് ടാക്സ് കൊണ്ടുവരുകയും, ഫാസ്റ്റ് ഫുഡുകൾക്ക് കൂടുതൽ ടാക്സ് ഈടാക്കുകയും ചെയ്ത് വരുന്നു. ഇതു കൂടാതെ കേരള ന്യൂട്രീഷൻ മിഷന്റെ സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ വളർച്ചക്കുറവും അമിതവണ്ണവും നിയന്ത്രിക്കാൻ പദ്ധതി നടത്തി വരുന്നു.

ജീവിതശൈലി രോഗങ്ങളുടെ ആധിക്യം കാരണം 30 വയസ്സിനു മുകളിൽ ജീവിത ശൈലി രോഗം ഉള്ളവരുടെയും, അമിതവണ്ണം ഉള്ളവരുടെയും രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി ആവിഷ്കരിച്ചു. (നവ കേരള കർമ്മ പ്ലാൻ). ഈ രജിസ്റ്റർ പ്രകാരം ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടെത്തി, അതിനെ ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ പദ്ധതിയിടുന്നു.

ശൈലി ആപ്പ് ഉപയോഗിച്ച് ജീവിതശൈലി രോഗ രജിസ്ട്രി പദ്ധതി 2022 മെയ് മാസത്തിൽ തുടക്കമിട്ടു. ആശ വർക്കർമാർ മുഖേന ഓരോ പഞ്ചായത്തിലും 30 വയസ്സിനു മുകളിൽ ജീവിതശൈലി രോഗമുള്ള എല്ലാവരുടെയും വിവരം ശേഖരിക്കാനും, ജീവിത ശൈലീ രോഗങ്ങൾ ഉണ്ടാകാനുള്ള കാരണം

| | | | |
|---|---|---|---|
| | | | കണ്ടുപിടിച്ച് അതിനെ തരണം ചെയ്യാനായുള്ള പദ്ധതി തയ്യാറാക്കാനും ഉദ്ദേശിക്കുന്നു.<br><br>മെഡിക്കൽ കോളേജ് ആശുപത്രികളുടെ അനുബന്ധ സ്ഥാപനങ്ങളായ യു.എച്ച്.റ്റി.സി, ആർ.എച്ച്.റ്റി.സി എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗ ക്ലിനിക്ക് വഴി പരിശോധന നടത്തുകയും മരുന്നുകൾ, ഇൻസുലിൻ എന്നിവ സൗജന്യമായി നൽകുകയും ഉപ കേന്ദ്രങ്ങൾ വഴി ബോധവൽക്കരണവും നടത്തി വരികയും ചെയ്യുന്നു. മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജീവിതശൈലീ ക്യാമ്പുകൾ നടത്തി പരിശോധനയും ബോധവൽക്കരണവും നടത്തുന്നു. എല്ലാ മാസവും തെരഞ്ഞെടുക്കുന്ന ഗവൺമെന്റ്/ പ്രൈവറ്റ് സ്ഥാപനങ്ങളിൽ രോഗ നിർണ്ണയം നടത്തുന്നു. കൂടാതെ ആശുപത്രിയിൽ വരുന്ന രോഗികളിൽ 30 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യമായി പ്രമേഹം കണ്ടുപിടിക്കാനുള്ള രക്ത പരിശോധനയും, ദേഹപരിശോധനയും നടത്തുന്നു. ഇതിൽ പ്രമേഹം കണ്ടെത്തുന്നവരെ ജീവിതശൈലീ രോഗ ക്ലിനിക്ക് വഴി ചികിത്സിക്കുകയും, ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ